പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 678. 11-06-2014- ൽ മറുപടിയ്ക്ക്

## വർഷകാല പകർച്ച വ്യാധികൾക്കെതിരെ മുൻകരുതൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വർഷകാലത്ത് പകർച്ച വ്യാധികൾ പടരുന്നതിനുള്ള സാദ്ധ്യത ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിലുണ്ടോ; ഇതിനെതിരെ എന്തെല്ലാം മുൻകരുതലുകൾ ആണ് സ്വീകരിക്കുന്നത്; | (എ) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണപ്രവർത്തനങ്ങൾക്കുള്ള ഈ വർഷത്തെ കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) പ്രവർത്തന കലണ്ടർ അടക്കം തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി മുതൽ ചിട്ടയായി നടന്നുവരുന്നു. മുഖ്യമന്ത്രിയുടേയും, ആരോഗ്യവകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ സംസ്ഥാന തലത്തിലും ജില്ലകളിലും താഴെ തട്ടിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകുകയും കൈപ്പുസ്തകങ്ങളും ചികിത്സാ മാർഗ്ഗ |

| | |
|---|---|
| | രേഖകളും തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണം, കൊതുകുറവിട നശീകരണ ക്യാമ്പെയിനുകൾ, ജലശുദ്ധീകരണ ക്യാമ്പെയിനുകൾ, തുടങ്ങിയവ നടപ്പിലാക്കുകയും കൂടാതെ ഐ. ഡി. എസ്. പി. വഴി വിവിധ ജില്ലകളിൽ രോഗ നിരീക്ഷണം നടത്തി രോഗം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് സത്വര നിയന്ത്രണ നടപടികൾ തുടർച്ചയായി സ്വീകരിച്ചുവരുന്നു. കൊതുക നിരീക്ഷണം, ശുചിത്വ നിരീക്ഷണം തുടങ്ങിയവ കാര്യക്ഷമമാക്കുകയും മരുന്ന്, കൊതുക നിയന്ത്രണ ഉപകരണങ്ങൾ, കീടനാശിനികൾ മറ്റ് അനുബന്ധ സാമഗ്രികൾ തുടങ്ങിയവ ലഭ്യമാക്കുകയും വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾക്കുൾപ്പെടെയുള്ള പകർച്ചവ്യാധി നിയന്ത്രണത്തിന് ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്നതനുസരിച്ച് പനി ക്ലിനിക്കുകൾ, പനി വാർഡുകൾ, മൊബൈൽ ക്ലിനിക്കുകൾ എന്നിവ ആവശ്യാനുസരണം തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ബി) പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് ഡി.എം.ഒ | 1. മെയ് മാസം 19 മുതൽ 21 വരെ ക്ലീൻ "പബ്ലിക് പ്ലേസ് കാമ്പയിൻ" നടത്തുവാൻ നിർദ്ദേശം നൽകിയിരുന്നു |

| | |
|---|---|
| മാർക്ക് നൽകിയിരിക്കുന്നത്; ഓരോ ഡി.എം.ഓ മാർക്കും എത്ര സ്പെഷ്യൽ ഫണ്ട് അനുവദിച്ചു ; വിശദാംശം നൽകാമോ? | 2. മേയ് 22 മുതൽ 24 വരെ "ജലശുദ്ധീകരണ കാമ്പയിൻ നടത്തുവാൻ നിർദ്ദേശം നൽകി.<br><br>3. എല്ലാ ബുധനാഴ്ചകളിലും സ്കൂളുകളിൽ ആരോഗ്യ അസംബ്ലിയും വെള്ളിയാഴ്ച ദിവസങ്ങളിൽ ഡ്രൈഡേയും ആചരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>4. 2,3,4 ആഴ്ചകളിൽ ഞായറാഴ്ച ദിവസം വീടുകളിലും പൊതു സ്ഥലങ്ങളിലും ഡ്രൈഡേ ആചരിക്കുവാനും, ശനിയാഴ്ചകളിൽ ഓഫീസുകളിലും ഡ്രൈഡേ ആചരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തന ചിലവിലേയ്ക്കായി എല്ലാ മെഡിക്കൽ ആഫീസർമാർക്കുമായി രണ്ടു കോടിയോളം രൂപ അനുവദിച്ച് നൽകി. ജില്ലാതല കണക്കുകൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 17.42 ലക്ഷം രൂപ<br>കൊല്ലം - 17.45 ലക്ഷം രൂപ<br>പത്തനംതിട്ട - 21.50 ലക്ഷം രൂപ<br>കോട്ടയം - 16.15 ലക്ഷം രൂപ<br>എറണാകുളം - 17.90 ലക്ഷം രൂപ<br>ആലപ്പുഴ - 15.10 ലക്ഷം രൂപ<br>ഇടുക്കി - 14.85 ലക്ഷം രൂപ<br>തൃശ്ശൂർ - 16.00 ലക്ഷം രൂപ |

| | |
|---|---|
| | പാലക്കാട് - 16.20 ലക്ഷം രൂപ<br>മലപ്പുറം - 18.42 ലക്ഷം രൂപ<br>കോഴിക്കോട് - 16.27 ലക്ഷം രൂപ<br>വയനാട് - 14.75 ലക്ഷം രൂപ<br>കണ്ണൂർ - 17.32 ലക്ഷം രൂപ<br>കാസർഗോഡ് - 15.01 ലക്ഷം രൂപ<br>------------------------------<br>ആകെ. 234.35 ലക്ഷം രൂപ |
| (സി) ജലജന്യ രോഗങ്ങളുടെ വ്യാപനം തടയുന്നതിനായി "സ്പെഷ്യൽ പാക്കേജ്" നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) ജലജന്യ രോഗങ്ങൾക്ക് എതിരെ ജാഗ്രത പാലിക്കുവാൻ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ആരോഗ്യ വകുപ്പ് ബോധവല്ക്കരണ പരിപാടികൾ ഊർജ്ജിതമായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി എല്ലാ വാർഡുകളിലേയും ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തുവാൻ ആരോഗ്യ പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂൾഡ്രിംഗ്സ് കടകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ ഐസ്, വെള്ളം തുടങ്ങിയവ കർശനമായി പരിശോധിച്ച് ശുചിത്വം |

| | |
|---|---|
| | ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ വോളണ്ടിയർമാരുടെ സഹായത്തോടെ നടപ്പാക്കി വരുന്നു. ശേഖരിച്ച വെള്ളത്തിന്റെ ശുദ്ധീകരണത്തിന് ക്ലോറിൻ ഗുളികകളും ലഭ്യമാക്കി വരുന്നുണ്ട്. തിളപ്പിച്ച വെള്ളം മാത്രമേ കുടിക്കുവാൻ ഉപയോഗിക്കാവൂ എന്ന സന്ദേശം വീട്ടുവീടാന്തരം എത്തിക്കുന്നതിനായി ആശാ വർക്കർമാർ ആരോഗ്യ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം ഊർജ്ജിതപ്പെടുത്തി. ജലവിഭവ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, കേരള ശുചിത്വ മിഷൻ തുടങ്ങിയ വിവിധ ഏജൻസികൾ പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾക്കായുള്ള സംസ്ഥാന/ജില്ല/തദ്ദേശ്സ്ഥാപനതല മീറ്റിംഗുകളിൽ പങ്കെടുത്ത് ആരോഗ്യവകുപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ